# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2339
# 05/11/2019 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് തുകയ്ക്ക് പുതിയ പ്രവൃത്തി

| | ചോദ്യം<br>ശ്രീ.കെ. ആൻസലൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ എ.ഡി.എസ്. പ്രകാരം 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഓരോ വർഷവും എത്ര തുക ടെൻഡർ സേവിംഗ്സ് വന്നു എന്ന് വ്യക്തമാക്കാമോ; | 04/08/2018 ലെ സ.ഉ(പി)നം. 119/2018/ധന പ്രകാരം ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം ശിപാർശ ചെയ്ത നിർമ്മാണ പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവിന് മൂന്ന് വർഷം വരെ കാലാവധി നൽകിയിട്ടുണ്ട്. ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന നിധിയിലെ പ്രവൃത്തികളുടെ ഭരണാനുമതി ടി ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുന്നത് ജില്ലാ കളക്ടറേറ്റുകൾ മുഖേനയാണ്. |
| (ബി) | ടെൻഡർ സേവിംഗ്സ് തുകയ്ക്ക് പുതിയ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്ന സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ വിശദമാക്കുമോ; | |
| (സി) | ആസ്തി വികസന ഫണ്ടിൽ വന്നിട്ടുള്ള ടെൻഡർ സേവിംഗ്സ് തുകയുടെ വിശദാംശങ്ങൾ ജില്ലാ കളക്ടർമാർക്ക് നലകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ